## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 698 29/06/2011-ൽ മറുപടിക്ക്

### കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണം

| ചോദ്യം<br>ശ്രീ. കെ. രാജു: | ഉത്തരം<br>ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ പുതിയ കെട്ടിട നിർമ്മാണത്തിന്റെ നാളിതുവരെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) കുളത്തൂപ്പുഴ മോഡൽ റസിഡൻഷ്യൽ സ്കൂളിന് വേണ്ടിയുള്ള മൂന്ന് നില കെട്ടിടത്തിന്റെ ഒന്നാംനില പൂർത്തിയായി. രണ്ടാം നിലയുടെ വാർക്കപ്പണിക്കുള്ള നടപടികൾ തുടർന്നു വരുന്നു. ഹോസ്റ്റൽ കെട്ടിടത്തിന്റെ ഒന്നും രണ്ടും നിലകളുടെയും മൂന്നാം നിലയുടെ ഒരു ഭാഗം ഒഴികെ ബാക്കി എല്ലാ ഭാഗത്തിന്റെയും വാർക്കപണി പൂർത്തിയായി. വാർത്ത ഭാഗത്തിന്റെ അകഭിത്തി മുഴുവനായും പുറംഭിത്തി ഭാഗികമായും പ്ലാസ്റ്റർ ചെയ്തു കഴിഞ്ഞു. ഫ്ളോറിംഗ്, ബാത്ത്റൂം, ടോയ്‌ലറ്റ്, കതക്, ജന്നൽ ഇവയുടെ പണി പൂർത്തിയായി വരുന്നു. അടുക്കള ബ്ലോക്കിന്റെ മണ്ണ് കീറൽ പൂർത്തിയായി. ഹെഡ്മാസ്റ്റർക്കുള്ള ഗസ്റ്റ്ഹൗസിനുള്ള അസ്ഥിവാരം എടുത്തിട്ടുണ്ട്. കിണറിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) ഇതിന്റെ നിർമ്മാണം പൂർത്തീകരിച്ച് ക്ലാസ്സുകൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) വർക്ക് ഓർഡർ അനുസരിച്ച് 2011 ആഗസ്റ്റ് മാസം കെട്ടിട നിർമ്മാണം പൂർത്തിയാകേണ്ടതാണ്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ആഫീസർ